പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ദിക്റുകൾ.
"അലിഫ് ലാം മീം".
ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.
അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർത്ഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും, താങ്കൾക്കും താങ്കളുടെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ റബ്ബ് കാണിച്ച നേർവഴിയിലാകുന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ." (ബഖറ: 1-5)
"അല്ലാഹു - അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവനായ 'അൽ-ഹയ്യ്'. എല്ലാം നിയന്ത്രിക്കുന്നവനായ 'അൽ-ഖയ്യൂം'. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവൻറെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ പാദപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ മഹോന്നതനായ 'അൽ-അലിയ്യും' അതീവ മഹത്വമുള്ളവനായ 'അൽ-അദ്വീമും' ആകുന്നു."
ആയതുൽ കുർസിയ്യ്. (ബഖറ: 255)
"തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ (അല്ലാഹുവിന്റെ) റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്.) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം.
അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സത്ഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ." (ബഖറ: 285-286)
"ഹാമീം.
ഈ ഗ്രന്ഥത്തിൻറെ അവതരണം മഹാപ്രതാപിയും (അൽ-അസീസ്) സർവ്വജ്ഞനും (അൽ-അലീം) ആയ അല്ലാഹുവിങ്കൽ നിന്നാകുന്നു. പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രെ അവൻ. അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. അവങ്കലേക്ക് തന്നെയാകുന്നു മടക്കം." (ഗാഫിർ: 1-3)
"അവനാകുന്നു അല്ലാഹു; ആരാധിക്കപ്പെടാൻ അർഹതയുള്ള ഏക 'ഇലാഹാ'യുള്ളവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവൻ. അവൻ സർവ വിശാലമായ കാരുണ്യമുള്ള റഹ്മാനും, അതീവ കാരുണ്യം ചൊരിയുന്ന റഹീമുമാകുന്നു.
അവനാകുന്നു അല്ലാഹു; ആരാധിക്കപ്പെടാൻ അർഹതയുള്ള ഏക 'ഇലാഹാ'യുള്ളവൻ. രാജാധിരാജനായ മലികും, പരമപരിശുദ്ധനായ ഖുദ്ദൂസും, അതീവ വിശുദ്ധിയുള്ളവനായ സലാമും, അഭയം നൽകുന്നവനായ മുഅ്മിനും, സൂക്ഷ്മ നിരീക്ഷകനായ മുഹൈമിനും, സർവ പ്രതാപിയായ അസീസും, സമ്പൂർണ്ണ അധീശത്വമുള്ളവനായ ജബ്ബാറും, പരമോന്നതനായ മുതകബ്ബിറും ആയിട്ടുള്ളവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനായിരിക്കുന്നു! സർവ്വതിന്റെയും സ്രഷ്ടാവായ ഖാലിഖും, സർവതിന്റെയും നിർമ്മാതാവായ ബാരിഉം, ഏതിനും രൂപം നൽകിയ മുസ്വവ്വിറുമായ അല്ലാഹുവത്രെ അവൻ. അവന് 'അസ്മാഉൽ ഹുസ്ന' (ഏറ്റവും ഉത്തമമായ നാമങ്ങൾ) ഉണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ സർവ പ്രതാപിയായ അസീസും അതീവ യുക്തിമാനായ ഹകീമും." (ഹശ്ർ: 22-24)
സൂറത്തുൽ ഇഖ്ലാസ് (112 -ാം അദ്ധ്യായം).
സൂറത്തുൽ ഫലഖ് (113 -ാം അദ്ധ്യായം). സൂറത്തുന്നാസ് (114 -ാം അദ്ധ്യായം) ഈ മൂന്ന് അദ്ധ്യായങ്ങളും പൂർണ്ണമായി, മൂന്നു തവണ വീതം പാരായണം ചെയ്യുക.
അല്ലാഹുവിന്റെ പരിപൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവത്തിൽ നിന്ന് ഞാൻ രക്ഷതേടുന്നു. (മൂന്നു തവണ)
അല്ലാഹുവിന്റെ നാമത്തിൽ; അവന്റെ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തോ യാതൊന്നും ഉപദ്രവമേൽപ്പിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനായ 'സമീഉം' എല്ലാം അറിയുന്നവനായ 'അലീമും' ആകുന്നു."
(മൂന്നു തവണ)
അല്ലാഹുവിനെ (എന്റെ) രക്ഷിതാവായ റബ്ബായും, ഇസ്‌ലാമിനെ (എന്റെ) മതമായും, മുഹമ്മദ് നബി -ﷺ- യെ എന്റെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.
(മൂന്നു തവണ)
"ഞങ്ങൾ പ്രഭാതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു; സർവ്വ അധികാരങ്ങളും അല്ലാഹുവിന്റേതായി നേരംപുലർന്നിരിക്കുന്നു. അല്ലാഹുവിനാണ് സർവ്വസ്തുതിയും. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനാണ്. അവന് യാതൊരു പങ്കുകാരുമില്ല. അവനാണ് എല്ലാ ആധിപത്യവും. അവന്നാണ് എല്ലാ സ്തുതിയും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. എന്റെ റബ്ബേ! ഈ ദിവസത്തിലെ നന്മയും ഇതിനു ശേഷമുള്ള നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. ഈ

ദിവസത്തിലെ തിന്മയിൽ നിന്നും ഈ ദിവസത്തിന് ശേഷമുള്ള തിന്മയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. എന്റെ റബ്ബേ! അലസതയിൽ നിന്നും വാർദ്ധക്യത്തിന്റെ മോശമായ സ്ഥിതിയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. എന്റെ റബ്ബേ! നരകത്തിലെ ശിക്ഷയിൽ നിന്നും ഖബ്റിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു."
ഈ പ്രാർത്ഥന വൈകുന്നേരമായാൽ ഇപ്രകാരമാണ് പറയേണ്ടത്: വൈകുന്നേരം ഇത് ചൊല്ലുമ്പോൾ (أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلَّهِ) എന്നതിനു പകരം (أمسينا وأمسى الملك لله) എന്നാണ് പറയേണ്ടത്. അർഥം: "ഞങ്ങൾക്ക് സായാഹ്നം വന്നിരിക്കുന്നു. സർവാധികാരവും അല്ലാഹുവിനായിക്കൊണ്ടു തന്നെയാണ് സായാഹ്നം വന്നിരിക്കുന്നത്." ഇതു പോലെ മറ്റൊരു വ്യത്യാസവും ശ്രദ്ധിക്കണം: വൈകുന്നേരം ഇത് ചൊല്ലുമ്പോൾ (رب أسألك خير ما في هذا اليوم) എന്നതിനു പകരം (رب أسألك خير ما في هذه الليلة) "എന്റെ റബ്ബേ! ഈ രാത്രിയിലെ നന്മയും ഇതിനു ശേഷമുള്ള നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. ഈ രാത്രിയിലെ തിന്മയിൽ നിന്നും ഈ ദിവസത്തിന് ശേഷമുള്ള തിന്മയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു" എന്നർത്ഥം വരുന്ന പദങ്ങളാണ് ചൊല്ലേണ്ടത്. 'അസ്വ്-ബഹ്നാ', 'യൗം' എന്നീ പദങ്ങൾ പകലിനെ സൂചിപ്പിക്കുന്നതും, 'അംസയ്നാ', 'ലൈൽ' എന്നീ പദങ്ങൾ രാത്രിയെ സൂചിപ്പിക്കുന്നതുമാണ്.
"അല്ലാഹുവേ! നിന്നെക്കൊണ്ടാണ് ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നത്. നിന്നെക്കൊണ്ടാണ് ഞങ്ങൾ പ്രദോഷത്തിലുമായിട്ടുള്ളത്. നിന്നെക്കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നത്. നിന്നെക്കൊണ്ടാണ് ഞങ്ങൾ മരിക്കുന്നതും. നിന്നിലേക്കാണ് പുനരുത്ഥാനവും."
ഈ പ്രാർത്ഥന വൈകുന്നേരമായാൽ ഇപ്രകാരമാണ് പറയേണ്ടത്: "അല്ലാഹുവേ! നിന്നെക്കൊണ്ടാണ് ഞങ്ങൾ പ്രദോഷത്തിലായിരിക്കുന്നത്. നിന്നെക്കൊണ്ടാണ് ഞങ്ങൾ പ്രഭാതത്തിലുമായിട്ടുള്ളത്. നിന്നെക്കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നത്. നിന്നെക്കൊണ്ടാണ് ഞങ്ങൾ മരിക്കുന്നതും. നിന്നിലേക്കാണ് മടക്കവും."
"അല്ലാഹുവേ! ഈ പകലിൽ ഏതൊരനുഗ്രഹം എനിക്കോ നിന്റെ പടപ്പുകളിൽ ആർക്കെങ്കിലുമോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് നിന്നിൽ നിന്ന് മാത്രമാണ്. നിനക്ക് യാതൊരു പങ്കുകാരുമില്ല. സർവ്വസ്തുതിയും നിനക്കാണ്! എല്ലാ നന്ദിയും നിനക്കാണ്!"
ഈ പ്രാർത്ഥന വൈകുന്നേരമായാൽ ഇപ്രകാരമാണ് പറയേണ്ടത്: (مَا أَصْبَحَ) എന്നതിന് പകരം (ما أَمْسَى) എന്നാക്കുക.
"അല്ലാഹുവേ! അനുഗ്രഹത്തിലും സൗഖ്യത്തിലും നീ നൽകിയ മറയിലുമാണ് ഞാൻ നേരം പുലർന്നിരിക്കുന്നത്. നിന്റെ അനുഗ്രഹങ്ങളും സൗഖ്യവും മറയും ഇഹലോകത്തും പരലോകത്തും നീ എനിക്ക് മേൽ പൂർണ്ണമാക്കേണമേ!"
(മൂന്ന് തവണ) ഈ പ്രാർത്ഥന വൈകുന്നേരമായാൽ ഇപ്രകാരമാണ് പറയേണ്ടത്: أصبحت എന്നതിന് പകരം أمسيت എന്ന് പറയുക. ഇങ്ങനെ പ്രാർത്ഥനകളിൽ സാഹചര്യത്തിന് അനുസരിച്ച് മാറ്റം വരുത്താൻ ശ്രദ്ധിക്കണം.
"അല്ലാഹുവേ! ദുഃഖത്തിൽ നിന്നും, വിഷാദത്തിൽ നിന്നും, അശക്തിയിൽ നിന്നും മടിയിൽ നിന്നും, പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും, കടം കുമിഞ്ഞുകൂടുന്നതിൽ നിന്നും മറ്റുള്ള ആളുകൾ അതിജയിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു."
"അല്ലാഹുവേ! ഞാൻ നിന്നോട് ഇഹലോകത്തും പരലോകത്തും സൗഖ്യം ചോദിക്കുന്നു. അല്ലാഹുവേ! ഞാൻ നിന്നോട് എന്റെ ദീനിലും, എന്റെ ഇഹലോകജീവിതത്തിലും, എന്റെ കുടുംബത്തിലും, എന്റെ സമ്പത്തിലും മാപ്പും സൗഖ്യവും ചോദിക്കുന്നു. അല്ലാഹുവേ! എന്റെ നഗ്നത നീ മറച്ചുവെക്കേണമേ! എന്റെ ഭയപ്പാടുകളിൽ നിന്ന് നിർഭയത്വം നൽകേണമേ! അല്ലാഹുവേ എന്റെ മുൻഭാഗത്തു നിന്നും എന്റെ പിന്നിൽ നിന്നും, എന്റെ വലതുഭാഗത്തു നിന്നും, ഇടതുഭാഗത്തുനിന്നും, എന്റെ മുകളിൽ നിന്നും നീയെന്നെ സംരക്ഷിക്കേണമേ! താഴ്ഭാഗത്തു കൂടി ഞാൻ നശിപ്പിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം മുഖേന നിന്നോട് ഞാൻ അഭയം തേടുന്നു."
"അല്ലാഹുവേ! നീയാണ് എന്റെ റബ്ബ്! നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീയാണ് എന്നെ പടച്ചത്. ഞാൻ നിന്റെ അടിമയാണ്. ഞാൻ എനിക്ക് സാധിക്കുന്നത്രയും നിന്നോടുള്ള കരാർ (നിറവേറ്റാമെന്നുള്ള ഉറപ്പിലും) നിന്റെ വാഗ്ദാനത്തിൽ (പ്രതീക്ഷയർപ്പിച്ചു കൊണ്ടുമാണുള്ളത്). ഞാൻ ചെയ്തുപോയതിന്റെ കെടുതികളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നീയെനിക്ക് നൽകിയ അനുഗ്രഹങ്ങളെല്ലാം ഞാനിതാ സമ്മതിക്കുന്നു. എന്റെ കുറ്റങ്ങളും ഞാനിതാ സമ്മതിക്കുന്നു. അതിനാൽ നീയെനിക്ക് പൊറുത്തുതരേണമേ! നീയല്ലാതെ പാപങ്ങൾ പൊറുക്കാൻ മറ്റാരും തന്നെയില്ല."
"അല്ലാഹുവേ! ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനേ! ദൃശ്യവും അദൃശ്യവും അറിയുന്നവനേ! എല്ലാ വസ്തുക്കളുടെയും റബ്ബും ഉടമസ്ഥനുമായിട്ടുള്ളവനേ! നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ സ്വന്തത്തിന്റെ തിന്മയിൽ നിന്നും, പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും, അവന്റെ കെണികളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. വല്ല തിന്മയും ഞാൻ എന്റെമേൽ വരുത്തിവെക്കുന്നതിൽ നിന്നും, അല്ലെങ്കിൽ ഏതെങ്കിലുമൊരു മുസ്ലിമിന്റെ മേൽക്ക് ഞാനത് വലിച്ചിഴക്കുന്നതിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു."
"അല്ലാഹുവേ! ഞാൻ പ്രഭാതത്തിലായിരിക്കുന്നു. നിന്നെ ഞാനിതാ സാക്ഷിയാക്കുന്നു! നിന്റെ സിംഹാസനം വഹിക്കുന്നവരെയും നിന്റെ മലക്കുകളെയും നിന്റെ സർവ സൃഷ്ടികളെയും ഞാൻ സാക്ഷിയാക്കുന്നു. നിശ്ചയം നീ അല്ലാഹുവാണ്. നീയല്ലാതെ ആരാധനക്കർഹനില്ല. മുഹമ്മദ് നബി ﷺ നിന്റെ അടിമയും റസൂലുമാണ്."
വൈകുന്നേരം പറയേണ്ടത് ഇപ്രകാരമാണ്: أصبحت എന്നതിന് പകരം أمسيت എന്നാക്കുക. (നാല് തവണ)
"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനാണ്. അവന് യാതൊരു പങ്കുകാരുമില്ല. അവനാണ് എല്ലാ ആധിപത്യവും. അവന്നാണ് എല്ലാ സ്തുതിയും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു."
(രാവിലെയും വൈകുന്നേരവും നൂറു തവണ).
"എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ."
(ഏഴു തവണ)
എനിക്ക് അല്ലാഹു മതി. അവൻ എല്ലാത്തിനും മതിയായവനാണ്. അവനോട് പ്രാർത്ഥിച്ചവനെ അവൻ കേട്ടിരിക്കുന്നു. അല്ലാഹുവിന് അപ്പുറം മറ്റൊരു ഉദ്ദേശ്യവും ലക്ഷ്യവുമില്ല.
"അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നതോടൊപ്പം അവനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു."

(നൂറു തവണ) രാവിലെയും വൈകുന്നേരവും. അല്ലെങ്കിൽ രാവിലെയും വൈകുന്നേരവുമായി നൂറു തവണ.
അല്ലാഹുവിനോട് ഞാൻ പൊറുക്കൽ ചോദിക്കുകയും അവനിലേക്ക് ഞാൻ ഖേദിച്ച് മടങ്ങുകയും ചെയ്യുന്നു.
(നൂറു തവണ)
ഇത്രയുമാണ് ഈ വിഷയത്തിൽ എഴുതാനുള്ളത്. അല്ലാഹു ഇത് പ്രയോജനകരമാക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.
ഗ്രന്ഥകർത്താവ്: മുഹമ്മദ് ബ്നു സ്വാലിഹ് അൽഉഥൈമീൻ (20-1-1418)